**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**

**വഞ്ചിയൂർ പി ഒ, തിരുവനന്തപുരം പിൻ – 695035 ഇ മെയിൽ: dhskerala.hlth@kerala.gov.in വെബ്സൈറ്റ് : www.dhs.kerala.gov.in ഫോൺ. 0471-2302490, 2303025**

---

# തിരുവനന്തപുരം, ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ അഡീഷണൽ ഡയറക്ടറുടെ (എ & റ്റി) നടപടിക്രമം

വിഷയം:- ആരോഗ്യവകുപ്പ് – ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് II തസ്തികയിലെ ജീവനക്കാർക്ക് അന്തർ വകുപ്പ് സ്ഥലം മാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു .

പരാമർശം:- 1. LSGD/PD/9661/2025-DEB6 തീയതി 24.06.2025.

2. GO (P) No. 5/2013/P & ARD date 06.02.2013

3.DMOH-PKD/8156/2025-A4 തീയതി 16.01.2026

## ഉത്തരവ് നം. DHS/23952/2025-FWA4 തീയതി. 19-02-2026

തദ്ദേശ സ്വയം ഭരണ വകുപ്പിൽ പാലക്കാട് മുനിസിപ്പാലിറ്റിയിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് II തസ്തികയിൽ ജോലി ചെയ്യുന്ന ചുവടെ പറയുന്ന ജീവനക്കാർ അന്തർ വകുപ്പ് സ്ഥലം മാറ്റം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് പരാമർശം 1 പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട് .അന്തർ വകുപ്പ് സ്ഥലം മാറ്റം നല്കിയാൽ ടി ജീവനക്കാരെ വിടുതൽ ചെയ്യുന്നതിന് തടസ്സമില്ലെന്ന് എൽ എസ് ജി ഡി പ്രിൻസിപ്പാൾ ഡയറക്ടർ അറിയിച്ചിട്ടുണ്ട് .അന്തർ വകുപ്പ് സ്ഥലം മാറ്റത്തിന് പാലക്കാട് ജില്ലയിൽ ഒഴിവ് നിലവിലുണ്ടെന്ന് പരാമർശം 3 പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട് .

പ്രസ്തുത സാഹചര്യത്തിൽ 06/02/2023 ലെ GO(P)NO 5/2013/P&ARD ഉത്തരവ് പ്രകാരം ടി ജീവനക്കാരെ പാലക്കാട് ജില്ലയിലേക്ക് ആരോഗ്യ വകുപ്പിലെ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് II തസ്തികയിലേക്ക് അന്തർ വകുപ്പ് സ്ഥലം മാറ്റം അനുവദിച്ചു ഉത്തരവാകുന്നു .

| പേര് | സ്ഥാപനം | ജോലിയിൽ പ്രവേശിച്ച തീയതി |
|---|---|---|
| ശ്രീമതി . സന്ധ്യ . റ്റി | മുനിസിപ്പൽ ഓഫീസ് ഷൊർണ്ണൂർ | 05.11.2016 |
| ശ്രീമതി . സുനിത . യു | മുനിസിപ്പൽ ഓഫീസ് പാലക്കാട് | 28.02.2018 |
| ശ്രീമതി . നിമിഷ വി | മുനിസിപ്പൽ ഓഫീസ് പാലക്കാട് | 17.04.2019 |

പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസർ ടി ജീവനക്കാർക്ക് നിയമനം നൽകേണ്ടതും പ്രസ്തുത വിവരം ഈ കാര്യലയത്തിൽ അറിയിക്കേണ്ടതുമാണ് .

ടി ജീവനക്കാർ അന്തർ വകുപ്പ് സ്ഥലം മാറ്റം അനുവദിച്ച ജില്ലയിൽ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ പ്രസ്തുത ജില്ലയിലെ ഏറ്റവും ജൂനിയറായ ജെ പി എച്ച് എൻ-ന്റെ ജൂനിയറായി കണക്കാക്കേണ്ടതും നിലവിലെ സീനിയോറിറ്റി നഷ്ടപ്പെടുന്നതും സ്ഥലം മാറ്റം ലഭിച്ചിട്ടുള്ള വകുപ്പിൽ വീണ്ടും പ്രൊബേഷൻ പൂർത്തീകരിക്കേണ്ടതുമാണ് .ബന്ധപ്പെട്ട സ്ഥാപന മേധാവി അന്തർ വകുപ്പ് സ്ഥലം മാറ്റം ലഭിച്ച വിവരം യഥാവിധി ടി ജീവനക്കാരുടെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ് .

ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ടി ഉത്തരവിന്റെ പകർപ്പ് ഔദ്യോഗിക ആവശ്യങ്ങൾക്കായി ഉപയോഗിക്കാവുന്നതാണ്.

Digitally signed by
Shinu K S
Date: 19-02-2026
10:40:21

**DR SHINU K S**
**ADDITIONAL DIRECTOR OF HEALTH SERVICES**

സ്വീകർത്താവ്,

1. ശ്രീമതി സന്ധ്യ. റ്റി ,ജെ പി എച്ച് എൻ ഗ്രേഡ് II, മുനിസിപ്പൽ ഓഫീസ് ഷൊർണൂർ
2. ശ്രീമതി സുനിത . എം ജെ പി എച്ച് എൻ ഗ്രേഡ് II, മുനിസിപ്പൽ ഓഫീസ് പാലക്കാട്
3. ശ്രീമതി നിമിഷ . വി ജെ പി എച്ച് എൻ ഗ്രേഡ് II, മുനിസിപ്പൽ ഓഫീസ് പാലക്കാട്

പകർപ്പ്,

1. ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആ) പാലക്കാട്
3. പ്രിൻസിപ്പൽ ഡയറക്ടർ ,പ്രിൻസിപ്പൽ ഡയറക്ടറേറ്റ് ,
   തദ്ദേശ സ്വയംഭരണ വകുപ്പ് ,തിരുവനന്തപുരം
4. സൂപ്രണ്ട്, ഇ എസ് ,ഇ എൽ സെക്ഷൻ
5. ഫയൽ.